**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** | **18-07-2011-ൽ മറുപടിക്ക്**
**ചോദ്യം നമ്പർ 2560**

## തേവന്നൂർ വാട്ടർ ഷെഡ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം ജില്ലയിലെ ഉമ്മന്നൂർ പഞ്ചായത്ത് പ്രദേശത്ത് വരുന്ന തേവന്നൂർ വാട്ടർഷെഡ് പദ്ധതിയുടെ നിലവിലുള്ള സ്ഥിതി എന്താണ്; | (എ) കൊല്ലം ജില്ലയിൽ ഉമ്മന്നൂർ, ഇളമാട് എന്നീ പഞ്ചായത്തുകളിൽ ഉൾപ്പെട്ട തേവന്നൂർ വാട്ടർഷെഡ് പദ്ധതിയുടെ നടത്തിപ്പിനായി ആർ.ഐ.ഡി.എഫ് 13 ഘട്ടത്തിൽ ഉൾപ്പെടുത്തി 92,000,00/- രൂപയുടെ (92 ലക്ഷം രൂപ) പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരവെ പദ്ധതി മാനദണ്ഡങ്ങൾ പാലിക്കാതെ ക്രമരഹിതമായി തുക മാറി വിനിയോഗിച്ചു എന്ന പരാതിയിന്മേൽ വിജിലൻസ് അന്വേഷണത്തിന് സർക്കാർ ഉത്തരവിട്ടതനുസരിച്ച് ആ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകളും, എം ബുക്കുകളും കൊല്ലം ജില്ലാ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ വിശദ അന്വേഷണത്തിനായി എടുത്തിരിക്കുകയാണ്. ആയതിനാൽ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നടത്താൻ പറ്റാത്ത സാഹചര്യത്തിലാണ്. |
| (ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ എത്രയാണ്; | ബി) 92,000,00/- രൂപ ( 92 ലക്ഷം രൂപ) |
| (സി) നാളിതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട്; | സി) 52.17.978/- രൂപ |
| ഡി) പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | ഡി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണം പൂർത്തിയാക്കി ബന്ധപ്പെട്ട ഫയലും രേഖകളും ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടത്തിപ്പിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ